# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 29

30.11.2015-ൽ മറുപടിയ്ക്ക്

## ക്രമസമാധാനരംഗത്ത് കൈവരിച്ച നേട്ടങ്ങൾ

**ചോദ്യം**

ശ്രീ.സണ്ണി ജോസഫ്
ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.ലൂഡി ലൂയിസ്
ശ്രീ.വി.പി.സജീന്ദ്രൻ

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാനരംഗത്ത് കേരളം ദേശീയ തലത്തിൽ ഉന്നത സ്ഥാനത്ത് എത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(എ) ഉണ്ട്. ഇന്ത്യയിൽ ക്രമസമാധാന നില എറ്റവും ഭദ്രമായ സംസ്ഥാനങ്ങളിൽ ഒന്നാമത് കേരളമാണ് എന്ന് പ്രമുഖ മാധ്യമ സർവ്വേകൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഗുരുതര സ്വഭാവമുള്ള ക്രിമിനൽ കുറ്റങ്ങൾ കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ കുറച്ച് മാത്രമേ രേഖപ്പെടുത്തി കാണുന്നുള്ളുവെന്ന് മാധ്യമങ്ങളുടെ പഠനങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഉയർന്ന സാക്ഷരതയും, കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പോലീസിന്റെ പ്രവർത്തന മികവും, പോലീസ് സാന്നിദ്ധ്യം സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും ഉറപ്പ് വരുത്തിയും, ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ സുരക്ഷ, ക്ളീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി, സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി, ജനമൈത്രീ സുരക്ഷ പദ്ധതി, സ്ത്രീ സുരക്ഷ പദ്ധതി, കർശനമായ വാഹന പരിശോധന, കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടികൾ, കുറ്റകൃത്യങ്ങൾ തടയുന്നതിനു വേണ്ടിയുള്ള ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങളിലൂടെ ഒരു മികച്ച ക്രമസമാധാന പാലനമാണ് കേരളാ പോലീസ് നടത്തുന്നത്.

സീനിയർ സിറ്റിസൺ ഹെൽപ്പ് ഡസ്ക്, വനിതാ ഹെൽപ്പ് ഡസ്ക്, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള നടപടികൾ എന്നിവയിലൂടെ സംസ്ഥാന പോലീസിന്റെ മികവുറ്റ പ്രവർത്തനങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെ പോലീസ് സ്വീകരിക്കുന്ന കർശനമായ നിയമ നടപടികൾ, പൊതുജനങ്ങളുടെ ജീവനും സ്വത്തിനും നിയമ സംരക്ഷണം നൽകുന്നതിനായുള്ള പോലീസിന്റെ നടപടികൾ തുടങ്ങിയ കാര്യക്ഷമമായ

പ്രവർത്തനങ്ങളാണ് കേരളത്തിനു ഇക്കാര്യത്തിൽ മികച്ച സ്ഥാനം നേടാൻ സഹായകരമായി തീർന്നിട്ടുള്ളത്.

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടേയും സർവ്വേകളുടേയും വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെകുറിച്ചുള്ള ഇൻഡ്യാ ടുഡേയുടെ 2015 നവംബർ 16 ലെ വാരികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളവയിൽ മികച്ച ഗവേർണൻസിന് കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ടി ഒന്നാം സ്ഥാനം ലഭിയ്ക്കുന്നതിന് പോലീസിന്റെ പ്രവർത്തന മികവ് ഒരു പ്രധാന മാനദണ്ഡമാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ക്രമസമാധാനരംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(സി) ക്രമസമാധാനരംഗത്ത് ഉന്നത നേട്ടം കൈവരിക്കുന്നതിനായി പൊതുജന സുരക്ഷ ഉറപ്പാക്കിയും പൊതുജനങ്ങളുടെ പരാതികൾ ഉടനടി പരിഹരിച്ചും നടപടി സ്വീകരിച്ചുവരുന്നുണ്ട്. പൊതുജന സുരക്ഷയ്ക്ക് ഭംഗം വരുത്തുന്ന സാമൂഹ്യദ്രോഹികൾക്കെതിരെ IPC, KP Act, KAAPA പ്രകാരം നടപടികൾ സ്വീകരിച്ചും കരുതൽ തടങ്കലിൽ വെച്ചും നടപടി സ്വീകരിച്ചുവരുന്നുണ്ട്. സ്ത്രീകൾക്കും, കുട്ടികൾക്കും, വയോജനങ്ങൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയവയ്ക്ക് കർശന നിയമ നടപടികൾ സ്വീകരിച്ചും വരുന്നു.

'ക്ളീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' പദ്ധതി വിദ്യാലയങ്ങളിലും പരിസരങ്ങളിലും പൂർണ്ണമായും ലഹരി വിമുക്തമാക്കുവാൻ സഹായിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി സീറോ ടോളറൻസ് പദ്ധതി, നിർഭയ പദ്ധതി എന്നിവ ആരംഭിച്ച് കഴിഞ്ഞു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിന് സംസ്ഥാനത്ത് ആറ് വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. പോലീസ് സേനയിൽ നേരിട്ട് വനിതാ സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് 60 പേരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ച കഴിഞ്ഞു. കൂടാതെ പോലീസിൽ വനിതാ സിവിൽ പോലീസ് ആഫീസർമാരുടെ 700 ലധികം പുതിയ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ സുരക്ഷ എന്നീ പദ്ധതികൾ ബ്ളേഡ് മാഫിയകളേയും, ഗുണ്ടാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും നിയന്ത്രിയ്ക്കുന്നതിനും വളരെയധികം സഹായിക്കുന്നുണ്ട്. ഓപ്പറേഷൻ സുരക്ഷാ കോമ്പിംഗ് ഓപ്പറേഷനുകളിലൂടെ പിടികിട്ടാപുള്ളികൾ ഉൾപ്പെടെയുള്ള കുറ്റവാളികളെ കണ്ടുപിടിയ്ക്കുവാൻ സാധിയ്ക്കുന്നുണ്ട്.

ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കുക, ട്രാഫിക് ബോധവൽക്കരണം നടത്തുക എന്നിവയ്ക്ക് വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് 'ശുഭയാത്ര'.

സംസ്ഥാനത്ത് റോഡപകടങ്ങളിൽപ്പെടുന്ന വ്യക്തികൾക്ക് അടിയന്തിരമായി പ്രഥമ ശുശ്രൂഷ നൽകി ജീവൻ രക്ഷിയ്ക്കുന്നതിന് സഹായകമായ ഒരു പദ്ധതിയാണ് 'സ്മൈൽ'. പോലീസ് ഉദ്യോഗസ്ഥരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം സംരക്ഷിയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആരോഗ്യ വകുപ്പ്, ആഭ്യന്തര വകുപ്പ് ചേർന്ന് നടത്തി പദ്ധതിയാണ് 'ഷെയ്പ്'.

ഓരോ സ്ഥലത്തെയും ജനസംഖ്യയും, ക്രൈംറേറ്റും, ദൂരപരിധിയും കണക്കാക്കി പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയുവാൻ പോലീസിന് വളരെ വേഗം സാധിയ്ക്കുകയും, കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ എത്രയും പെട്ടെന്ന് തന്നെ നിയമനടപടികൾ സ്വീകരിക്കുവാനും സാധിയ്ക്കുന്നു. ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളുമായി തട്ടിച്ച് നോക്കുമ്പോൾ കേരളം ബഹുദൂരം മുന്നിലാണ്. ഇതിനു പുറമെ ക്രമസമാധാനനില അവലോകനം ചെയ്യാൻ എല്ലാ മാസവും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേരാറുണ്ട്. പ്രസ്തുത യോഗത്തിൽ ക്രമസമാധാന പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ പോലീസ് സ്റ്റേഷൻ തലം മുതൽ റേഞ്ച് തലംവരെ അവലോകനയോഗം കൂടി നടപടികൾ സ്വീകരിക്കാറുമുണ്ട്.

സെക്ഷൻ ഓഫീസർ